നം.ക്യു.ഐ.പി/28283/13/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി 16.11.2015

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ,
ഡയറക്ടർ ആർ.എം.എസ്.എ,
ഡയറക്ടർ ഐറ്റി@സ്കൂൾ,
ഡയറക്ടർ എസ്.സി.ഇ.ആർ.ടി
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
എല്ലാ ജില്ല/ഉപജില്ല വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

**വിഷയം:- പൊതുവിദ്യാഭ്യാസം - ക്ലസ്റ്റർ പരിശീലനം - സംബന്ധിച്ച്.**

**സൂചന:-**

28/11/2015 ന് ജില്ലകളിൽ ക്ലസ്റ്റർ പരിശീലനവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങളുടെ വിശദവിവരം ഇതോടൊപ്പം അയയ്ക്കുന്നു. ആയതിൻ പ്രകാരം ക്ലസ്റ്റർ പരിശീലനം കുറ്റമറ്റ രീതിയിൽ ജില്ലകളിൽ നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

**V.L VISWALATHA**
**Addl.Director of Public Instruction ( Academic)**
**Directorate of Public Instruction**
**Thiruvananthapuram-14**

ഉള്ളടക്കം:- മാർഗ്ഗനിർദ്ദേശങ്ങൾ

വിഷയം - നവംബർ 28 ന്റെ ക്ലസ്റ്റർ സംഘാടനം സംബന്ധിച്ച്

ക്ലസ്റ്റർ പരിശീലനവും ഐ എസ് എം പ്രവർത്തനവും തമ്മിൽ ബന്ധിപ്പിക്കേണ്ടതാണ്. ഇതിനായി നവംബർ 19 ന് നടന്ന ഐ എസ് എം പ്രവർത്തനത്തിലെ കണ്ടെത്തലുകൾ ഡയറ്റിൽ ക്രോഡീകരിക്കണം.

• എൽ പി ,യു പി ,ഹൈസ്കൂൾ എന്നിങ്ങനെ ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾക്ക് ചുമതല നൽകണം. ഈ വർഷം മുഴുവൻ ഇവരായിരിക്കണം ഡി ആർ ജികളിൽ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അവതരിപ്പിക്കേണ്ടത്

• ഡി ആർ ജി ശില്പശാലകളിൽ ഡി ഇ ഒ, എ ഇ ഒ എന്നിവർ പങ്കെടുക്കേണ്ടതും ഐ എസ് എം കണ്ടെത്തലുകൾ പ്രകാരം പരിഹാര പ്രവർത്തനാസൂത്രണത്തിന് ഊന്നൽ നൽകി പരിശീലനമോഡ്യൂൾ തയ്യാറാക്കുന്നുവെന്നു ഇവർ ഉറപ്പുവരുത്തണം.

• 23 ന് ഡയറ്റിൽ ഐ എസ് എം റിപ്പോർട്ടുകൾ വിശകലനം ചെയ്യണം. ഓരോ അക്കാദമിക പ്രശ്നത്തിന്മേലും ഏറ്റെടുക്കാവുന്ന പരിഹാര പ്രവർത്തന സാധ്യതകൾ കണ്ടെത്തണം. ക്ലസ്റ്ററിൽ അവതരിപ്പിക്കേണ്ട കാര്യങ്ങൾ, പരിശീലന ഉള്ളടക്കമായി വരേണ്ടവ എന്നിവ വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിക്കണം.

• 24,25 തീയതികളിൽ ക്ലസ്റ്റർ പരിശീലനത്തിനു മുന്നോടിയായുള്ള ഡി ആർ ജി ശില്പശാല നടത്തണം.

• ഈ ശില്പശാലയിൽ അവസ്ഥാ വിശകലന രീതി, പ്രശ്നങ്ങളുടെ സൂക്ഷ്മനിർണയം, പരിഹാര പ്രവർത്തനാസൂത്രണം എന്നിവ സംബന്ധിച്ച ആശയങ്ങൾ ചുമതലയുള്ള ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ പകരേണ്ടതാണ്. എല്ലാ അധ്യാപകരും പ്രശ്നപരിഹരണപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ആശയതലം സൃഷ്ടിക്കാൻ ഈ അവതരണം എല്ലാ വിഷയത്തിലും ഉണ്ടാകണം.

• ഐ എസ് എം കണ്ടെത്തിയ പ്രശ്നങ്ങൾ അതത് വിഷയങ്ങളുടെ ഡി ആർ ജിയിൽ മുൻഗണനാ ക്രമത്തിൽ അവതരിപ്പിക്കണം. അവ അടുത്ത ഒരു മാസം കൊണ്ട് പരിഹരിക്കാനുള്ള പ്രവർത്തനാസൂത്രണം നടത്തണം.

• ഡി ആർ ജി അംഗങ്ങളോരോരുത്തരും ഗവേഷണാത്മകമായിപ്രശ്നപരിഹരണ പ്രവർത്തനങ്ങൾ

ഏറ്റെടുക്കണം. അധ്യാപകരുടെ പക്ഷത്തുനിന്നുള്ള ഈ ആലോചനയുടെ തിരിച്ചറിവ് പ്രയോജനപ്പെടുത്തായാകണം രണ്ടാം ദിവസം അധ്യാപക പരിശീലനമോഡ്യൂൾ രൂപപ്പെടുത്തേണ്ടത്.

- പിന്നാക്ക പരിഗണനയുള്ള അധ്യാപനക്കുറിപ്പുകൾ, പഠനപ്രവർത്തനങ്ങളിലെ തത്സമയ പിന്നാക്ക പരിഗണന എന്നിവ എല്ലാ വിഷയത്തിലും ചർച്ച ചെയ്യപ്പെടണം. ഇതിന്റെ മാതൃക ഡി ആർ ജിയിൽ വികസിപ്പിക്കുകയും കോപ്പി ഡയറ്റിൽ സൂക്ഷിക്കുകയും വേണം. അടുത്ത ജില്ലാതല ഓഫീസേഴ്സ് മീറ്റിംഗിൽ ഇതിന്റെ പകർപ്പ് എല്ലാവർക്കും നൽകണം.
- 26/27 തീയതികളിൽ ബ്ലോക്ക് റിസോഴ്സ് ഗ്രൂപ്പ് പരിശീലനം. ഈ പരിശീലനത്തിൽ ഒരു പ്രവർത്തനം പിന്നാക്ക പരിഗണനയോടെ ട്രൈ ഔട്ട് ചെയ്യുന്നതിനു കൂടി അവസരം ഉണ്ടാകണം.
- തെളിവുകളും പ്രായോഗികാനുഭവങ്ങളും പ്രയോജനപ്പെടുത്തിയാകണം ക്ലസ്റ്റർ നടത്തേണ്ടത്.
- എൽ പി തലത്തിൽ ക്ലാസടിസ്ഥാന ക്ലസ്റ്റർ, വിഷയാടിസ്ഥാന ക്ലസ്റ്റർ ( ഉദാ-ഭാഷയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ ക്ലാസുകളിലെയും അധ്യാപകർ ഒന്നിച്ച് ആലോചിക്കുന്ന ക്ലസ്റ്റർ ) ,മറ്റു ഗവേഷണസ്വഭാവമുള്ള ട്രൈ ഔട്ട് ക്ലസ്റ്ററുകൾ എന്നിവ അതത് ജില്ലകൾക്ക് ആലോചിക്കാവുന്നതാണ്.
- ക്ലസ്റ്റർ പരിശീലനത്തിന്റെ അവസാന സെഷനിൽ ഈ പരിശീലനത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ പൊതുവായും ക്ലാസുകളിൽ സവിശേഷമായും നടക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച കൃത്യമായ തീരുമാനങ്ങൾ ഉണ്ടാകണം. അതി പ്രായോഗികമാക്കിയതിന്റെ റിപ്പോർട്ട് പ്രഥമാധ്യാപകർ അതത് തലങ്ങളിലെ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകേണ്ടതാണ്.

ക്ലസ്റ്റർ സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ

- പ്രൈമറി വിഭാഗം ക്ലസ്റ്റർ ഡി ആർ ജി ഡയറ്റിന്റെ അക്കാദമിക നേതൃത്വത്തിൽ എസ് എസ് എയാണ് നടത്തേണ്ടത്. ഇതാനായി ഡയറ്റ് ഫാക്കൽറ്റി അംഗങ്ങളെ ( എൽ പി ,യു പി എന്നീ വിഭാഗങ്ങളിലേക്ക് ചുമതലപ്പെടുത്തണം )
- ഹൈസ്കൂൾ വിഭാഗം ഡി ആർ ജി ഡയറ്റ് നേരിട്ടാണ് നടത്തേണ്ടത്.
- ക്ലസ്റ്റർ പരിശീലനങ്ങളിൽ ഹൈസ്കൂൾ തലം വരെയുള്ള എല്ലാ പ്രഥമാധ്യാപകരും പങ്കെടുക്കേണ്ടതും ക്ലസ്റ്ററിനു ശേഷമുള്ള ആദ്യ എസ് ആർ ജിയിൽ ക്ലസ്റ്ററിന്റെ അടിസ്ഥാനത്തിൽ വിദ്യാലയത്തിൽ പൊതുവായും വിവിധ വിഷയങ്ങളിലും ക്ലാസുകളിലും സവിശേഷമായും നടക്കേണ്ട പ്രവർത്തനങ്ങളും പ്രശ്നപരിഹരണ ഇടപെടലുകളും സംബന്ധിച്ച് തീരുമാനമെടുക്കുകയും അതിന്റെ

നിർവഹണം വിലയിരുത്തുന്നതിനുള്ള രീതികൾ ചർച്ച ചെയ്യുകയും ഇവ മിനിറ്റ്സിൽ രേഖപ്പെടുത്തുകയും വേണം. ഐ എസ് എം ടീം എസ് ആർ ജി മിനിറ്റ്സ് വിലയിരുത്തുമ്പോൾ ഇക്കാര്യം പരിഗണിക്കണം.

• വിദ്യാഭ്യാസ ജില്ലാ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ തെരഞ്ഞെടുത്ത ക്ലസ്റ്ററുകൾ വിലയിരുത്തണം. അക്കാദമിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സഹായകമായ തരത്തിൽ ഇടപെടലുകൾ നടത്തണം. പ്രഥമാധ്യാപകർ, അധ്യാപകർ എന്നിവരുടെ പങ്കാളിത്തം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

• ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ അവരവർ ഡി ആർ ജിയിൽ നേതൃത്വം നൽകിയ വിഷയത്തിന്റെ ക്ലസ്റ്ററുകളിലാണ് പങ്കെടുക്കേണ്ടത്.

• ക്ലസ്റ്റർ പരിശീലനത്തിന്റെ ഉള്ളടക്കം, സംഘാടനം, വിനിമയരീതി എന്നിവ മെച്ചപ്പെടുത്താൻ സഹായകമായ തരത്തിൽ ഓരോ ക്ലസ്റ്റർ കഴിയുമ്പോഴും അവലോകനം നടത്തേണ്ടതാണ്. ( ബി ആർ സി, വിദ്യാഭ്യാസ ജില്ല , ജില്ല)